(ഇ) ഷെഡ്ഡുകളുടെ പണി പൂർത്തീകരിക്കുവാൻ ആവശ്യമായ അടിയന്തര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) പത്ത്.

(ബി) 1. ജി.എൽ.പി.എസ്. കലഞ്ഞൂർ.
2. ഡി.പി.എൽ.പി.എസ്, കൊട്ട.
3. ജി.യു.പി.എസ്. വരവൂർ.
4. ജി.യു.പി.എസ്. എരുത്തുമ്പമൻ.
5. എൽ.വി.എൽ.പി.എസ്. കടംപാട്ട്.
6. വി.യു.പി.എസ്. ചന്ദനകുന്ന്.
7. ജി എച്ച്.എസ്. പെരിങ്ങനാട്.
8. ജി.എച്ച്.എസ്. കല്ലൂപ്പാറ.
9. ജി.ന്യു.എൽ.പി.എസ്. ചാത്തൻകരി.
10. ജി.എൽ.പി.എസ്. വള്ളിക്കോട്.

(സി) അദ്ധ്യാപക രക്ഷകർത്തൃസമിതിയെ.

(ഡി) ഇല്ല.

(ഇ) നിർദ്ദേശം നൽകുന്നതാണ്.

പെരുംകുളം യു.പി. സ്കൂളിന്റെ മന്ദിരത്തിന്റെ പണി

535. [735] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആര്യനാട് നിയോജകമണ്ഡലത്തിൽപ്പെട്ട പൂവച്ചൽ പഞ്ചായത്തിലെ പെരുംകുളം യു. പി. സ്കൂൾ മന്ദിരത്തിന്റെ പണി സ്തംഭനത്തിലാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പണി പുനരാരംഭിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉവ്വ്.

(ബി) പണി പുനരാരംഭിക്കുവാൻ മരാമത്ത് വകുപ്പിനോട് ഉടൻ നിർദ്ദേശിക്കുന്നതാണ്.

ഗവൺമെൻ സ്കൂളുകൾക്ക് സ്ഥലം അക്വയർ ചെയ്യാൻ നടപടി

536. [736] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര വിദ്യാഭ്യാസ ഉപ ജില്ലയിൽ ഏതെല്ലാം ഗവൺമെന്റ് സ്കൂളുകൾക്ക് സ്ഥലം അക്വയർ ചെയ്യാനുള്ള നടപടിയാണ് ആരംഭിച്ചിട്ടുള്ളത് ;

(ബി) അക്വിസിഷൻ നടപടികൾ ഓരോന്നും ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗവൺമെൻറ് യു.പി.എസ്. പേരാമ്പ്രയ്ക്ക് സ്ഥലം അക്വയർ ചെയ്യാനുള്ള വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ ലഭിച്ചിട്ടുണ്ട്.

(ബി) പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മലയാളികൾക്ക് വേണ്ടി വിദേശത്തുള്ള
അംഗീകൃത സ്കൂളുകൾ

537. [737] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളികൾക്കുവേണ്ടി വിദേശങ്ങളിൽ സർക്കാർ അംഗീകാരം കൊടുത്തിട്ടുള്ള സ്കൂളുകൾ ഉണ്ടോ; എങ്കിൽ എത്ര; എവിടെയെല്ലാം;

(ബി) കഴിഞ്ഞ വർഷവും ഈ വർഷവും ഈ സ്കൂളുകളിൽ ഓരോന്നിലും പഠിക്കുന്ന കുട്ടികൾ എത്ര വീതമാണ്;

(സി) സ്കൂളുകൾക്ക് അംഗീകാരം കൊടുക്കാനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) ഈ വ്യവസ്ഥകൾ അംഗീകരിക്കുന്ന എല്ലാ വിദേശങ്ങളിലുള്ള മലയാളം സ്കൂളുകൾക്കും അംഗീകാരം നൽകുമോ;

(ഇ) അംഗീകാരമുള്ള സ്കൂളുകൾക്ക് ഗവൺമെൻറ് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം?

ഉത്തരം

(എ) അംഗീകൃത സ്കൂളുകൾ നിലവിലില്ല. എന്നാൽ ന്യൂ ഇൻഡ്യൻ സ്കൂൾ, റാസൽഖൈമ, യു.എ.ഇ., ന്യൂ ഇൻഡ്യൻ മോഡൽ സ്കൂൾ, ദുബായ്, യു.എ.ഇ. എന്നീ സ്കൂളുകളിലെ കുട്ടികൾക്ക് കേരള സർക്കാർ നിർദ്ദേശിച്ച ചില നിബന്ധനകൾക്ക് വിധേയമായി കേരളത്തിലെ സ്കൂളുകളുടെ സിലബസ് പിൻതുടരാനും 1984 മാർച്ച് മാസം മുതലുള്ള എസ്. എസ്. എൽ.സി. പരീക്ഷയ്ക്കിരിക്കാനും അനുവാദം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇതുപോലുള്ള സ്കൂളിന് അംഗീകാരം കൊടുക്കുന്നതിന് പ്രത്യേകം വ്യവസ്ഥകളില്ല. എസ്.എസ്.എൽ.സി. പരീക്ഷ നടത്തുവാൻ നിഷ്കർഷിച്ച വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) അപേക്ഷ ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

(ഇ) സാമ്പത്തിക സഹായം നൽകുന്നില്ല.

തിരുവനന്തപുരം ജില്ലയിലെ സ്കൂൾ
കെട്ടിടങ്ങളുടെ നിർമ്മാണം

538. [738] ശ്രീ. കെ. പങ്കജാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 1979-80 വർഷം മുതൽ മരാമത്ത് വകുപ്പിൻറെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഗവൺമെൻറ് യു.പി., ഹൈസ്കൂൾ

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly